# ഈശ്വരൻ

ഓമൽപ്രഭാതരുചിയെങ്ങുമുയർന്ന നീല-
വ്യോമസ്ഥലം സ്വയമെരിഞ്ഞെഴുമർക്കബിംബം
ശ്രീമദ്ധരിത്രിയിവയെപ്പണിചെയ്ത കൈയിൻ
കേമത്തമോർത്തിവനു നീർ കവിയുന്നു കണ്ണിൽ.

അന്തിച്ചുവപ്പുമലയാഴിയുമങ്ങിരുട്ടി-
ലുന്തിസ്ഫുരിക്കുമുഡുരാശിയുമിന്ദുതാനും
പന്തിക്കു തീർത്ത പൊരുളിന്റെ മനോവിലാസം
ചിന്തിച്ചെനിക്കകമലിഞ്ഞുടൽ ചീർത്തിടുന്നു!

ചേണുറ്റു പൂത്ത വനമേന്തിയ കുന്നു ദൂരെ-
ക്കാണുന്നു പീലിക്കുടയും മയിലിൻഗണംപോൽ
താണങ്ങു വിണ്ണിൽ മഴവില്ലു ലസിപ്പു വർണം-
പൂണുന്ന പൈങ്കിളികൾ ചേർന്നു പറന്നിടുംപോൽ.

ഉല്ലോലമാമരുവി ദൂരെ മുഴങ്ങിടുന്നു
ഫുല്ലോല്ലസൽസുമഗണം മണമേകിടുന്നു;
കല്ലോലമാർന്നൊരു കയങ്ങളിൽനിന്നു പൊങ്ങി
നല്ലോരു ചാരു കുളുർകാറ്റുമണഞ്ഞിടുന്നു!

ഇക്കാമ്യവസ്തുനിര ചെയ്തതു,മിങ്ങതോരാ-
നുൾക്കാമ്പുമെന്നുടലുമേകിയതും, സ്വയം ഞാൻ
ധിക്കാര്യമാർഗമണയാതകമേ കടന്നു
ചുക്കാൻ തിരിക്കുവതു, മൊക്കെയൊരേ കരംതാൻ.

ഈ ലോകഭോഗമതിനീശ, ജനിച്ചു ഞാൻ നി-
ന്നാലോകഭാഗ്യമണയാതവകാശിയായി;

നൂലോതിയും സപദി മൽപ്രിയതാത, നിന്നെ
മാലോകർ ചൊല്ലിയുമറിഞ്ഞു വണങ്ങിടുന്നേൻ.

വമ്പിച്ച നിൻ മഹിമയും കൃപയും നിനച്ചു
കുമ്പിട്ടിടാത്ത തലയും ശിലയും സമംതാൻ
എമ്പിച്ചു തീർക്കയറിവായ് മനമാംവിളക്കിൻ–
തുമ്പിൽ ജ്വലിക്കുമഖിലേശ്വര, കൈതൊഴുന്നേൻ.

(ശ്രീ. മൂർക്കോത്തു കുമാരൻ ആവശ്യപ്പെട്ടതനുസരിച്ച് 1904 ആഗസ്റ്റ് 5–ന് രചിച്ച് 'വിദ്യാലയം' എന്ന പത്രഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചത്.)

## കുട്ടിയും തള്ളയും
### (താരാട്ടുമട്ട്)

ഈ വല്ലിയിൽനിന്നു ചെമ്മേ – പൂക്കൾ
പോവുന്നിതാ പറന്നമ്മേ!

തെറ്റീ! നിനക്കുണ്ണീ ചൊല്ലാം – നൽപൂ–
മ്പാറ്റകളല്ലേയിതെല്ലാം.

മേൽക്കുമേലിങ്ങിവ പൊങ്ങീ – വിണ്ണിൽ
നോക്കമ്മേ,യെന്തൊരു ഭംഗി!

അയ്യോ! പോയ്ക്കൂടിക്കളിപ്പാൻ – അമ്മേ!
വയ്യേയെനിക്കു പറപ്പാൻ!

ആകാത്തതിങ്ങനെ എണ്ണീ – ചുമ്മാ
മാഴ്കൊല്ലായെന്നോമലുണ്ണീ!

പിച്ചനടന്നു കളിപ്പൂ– നീയി–
പ്പിച്ചകമുണ്ടോ നടപ്പൂ?

അമ്മട്ടിലായതെന്തെന്നാൽ – ഞാനൊ–
രുമ്മതരാമമ്മ ചൊന്നാൽ.

നാമിങ്ങറിയുവതല്പം – എല്ലാ–
മോമനേ, ദേവസങ്കല്പം.

(മഹിളാരത്നം മാസികക്കുവേണ്ടി 1915 നവംബർ 2–ന് രചിച്ചത്)

## സങ്കീർത്തനം

ചന്തമേറിയ പൂവിലും ശബളാഭമാം
ശലഭത്തിലും
സന്തതം കരതാരിയന്നൊരു ചിത്ര-
ചാതുരി കാട്ടിയും
ഹന്ത! ചാരുകടാക്ഷമാലകളർക്ക-
രശ്മിയിൽ നീട്ടിയും
ചിന്തയാം മണിമന്ദിരത്തിൽ വിളങ്ങു-
മീശനെ വാഴ്ത്തുവിൻ!

സാരമായ് സകലത്തിലും മതസംഗ്രഹം
ഗ്രഹിയാത്തതായ്
കാരണാന്തരമായ് ജഗത്തിലുയർന്നു
നിന്നിടുമൊന്നിനെ
സൗരഭോൽക്കടനാഭികൊണ്ടു മൃഗംകണ-
ക്കനുമേയമായ്
ദൂരമാകിലുമാത്മഹാർദഗുണാസ്പദത്തെ
നിനയ്ക്കുവിൻ!

നിത്യനായക, നീതിചക്രമതിൻ-
തിരിച്ചിലിനക്ഷമാം
സത്യമുൾക്കമലത്തിലും സ്ഥിരമായ്
വിളങ്ങുക നാവിലും
കൃത്യഭൂ വെടിയാതെയും മടിയാതെയും
കരകോടിയിൽ
പ്രത്യഹം പ്രഥയാർന്നപാവന കർമ-
ശക്തി കളിക്കുക!

സാഹസങ്ങൾ തുടർന്നുടൻ സുഖഭാണ്ഡ-
മാശു കവർന്നു പോം
ദേഹമാനസദോഷസന്തതി ദേവ
ദേവ, നശിക്കണേ!
സ്നേഹമാം കുളിർപൂനിലാവു പരന്നു
സർവവുമേകമായ്
മോഹമാമിരുൾ നീങ്ങി നിന്റെ മഹത്ത്വ-
മുള്ളിൽ വിളങ്ങണേ!

ധർമമാം വഴിതന്നിൽ വന്നണയുന്ന
വൈരികളഞ്ചവേ,
നിർമലദ്യുതിയാർന്ന നിശ്ചയഖഡ്ഗ-
മേന്തി നടന്നുടൻ
കർമസീമ കടന്നുപോയ്ക്കളിയാടുവാ-
നരുളേണമേ
ശർമവാരിധിയിൽക്കൃപാകര, ശാന്തിയാം
മണിനൗകയിൽ.

(1905 നവംബറിൽ രചിച്ച് 'പ്രതിഭ'യിൽ പ്രസിദ്ധീകരിച്ച കവിത)

## പരുക്കേറ്റ കുട്ടി

(സുരപുരിയോട് എന്ന മട്ട്)

അരികത്തമ്പോടു വരുന്നുണ്ടമ്മ ഞാൻ
കരയായ്കോമനേ, കരൾവാടി
പുരികവും ചുണ്ടും ചുളിച്ചു നീ വിങ്ങി-
ക്കരയായ്കോമനേ, വരുന്നു ഞാൻ.

പനിനീർച്ചെമ്പകച്ചെറുമുള്ളേറ്റു നിൻ
കുരുന്നുകൈവിരൽ മുറിഞ്ഞിതേ!
തനിയേ തൈമാവിൽക്കയറിവീണോമൽ-
ച്ചെറുകാൽമുട്ടുകൾ ചതഞ്ഞിതേ!

മറിച്ചിട്ടിപ്പടം മുകളിൽനിന്നയ്യോ!
മുറിച്ചിതേ പൊന്നിൻനിറുകയും
മുറിയിൽക്കട്ടിന്മേൽ കയറിച്ചാഞ്ചാടി-
ത്തറയിൽ വീണിപ്പൂങ്കവിളും നീ.

കരുതേണ്ട, തല്ലുമിതിനായ് ഞാനെന്നു,
കരയേണ്ട, നോവുമകന്നുപോം
അറിയാപ്പൈതൽ നീ കളിയാടിയേറ്റ
മുറിവു ഭൂഷണം നിനക്കുണ്ണീ.

ഉരച്ചീവണ്ണമക്ഷതമോരോന്നുമേ
തിരിച്ചു ചുംബിച്ചാളുടനമ്മ,
സ്ഫുരിച്ച പുഷ്പത്തെയളിപോലെ, കുട്ടി
ചിരിച്ചാൻ കാർ നീങ്ങും ശശിപോലെ.

(1905 നവംബറിൽ ഒരു നോട്ടുപുസ്തകത്തിൽ കുറിച്ചിട്ട കവിത)

## കൊച്ചുകിളി

ചൊല്ലുകെന്തു ചെറുപക്ഷി നീ കളി-
ച്ചുല്ലസിപ്പതിതുപോലെയെപ്പൊഴും
അല്ലൽ നീയറികയില്ലയോ? നിന-
ക്കില്ലയോ പറകെഴുത്തുപള്ളിയും?

കൊച്ചുശാഖകളിലാഞ്ഞിരിപ്പതും
പിച്ചിയന്നപടി പാടിടുന്നതും
ഇച്ഛപോലുയരെ നീ പറപ്പതും
മെച്ചമിന്നിവയെനിക്കു കൂടുമോ?

കാലുയർത്തിയയി, കാറ്റിലാടുമൂ-
ഞ്ഞാലിൽ മേവി രസമേലുമെത്ര ഞാൻ!
നീലവിൺവഴി പറന്നെഴും സുഖം
ലോലമെയ്യിതിൽ നിനക്കൊതുങ്ങുമോ?

ചിത്രമിങ്ങു, പുഴ കുന്നിവറ്റ തെ-
ല്ലത്തലെന്നി കിളി, നീ കടപ്പതും
എത്തി വന്മുതലമേലുമാനതൻ-
മസ്തകത്തിലുമിരുന്നിടുന്നതും!

ചേണിയന്ന ചിറകാർന്നൊരോമന-
പ്രാണി, നിൻതടവകന്ന ലീലകൾ
കാണുകിൽക്കൊതിവരും-പഠിക്കുവാൻ
പോണു - കൊച്ചുകിളിയായതില്ല ഞാൻ!

(പദ്യപാഠാവലിയിലെ പ്രസിദ്ധീകരണത്തിനായി 1910 ഏപ്രിൽ 10-നു രചിച്ചത്)

## പൂക്കാലം

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു;
ഉല്ലാസമിനീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കെ-
ന്തോണം വെളുക്കുന്നുഷസ്സോയിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-
പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം,
കേടറ്റ നെല്ലിൻ കതിർക്കാമ്പു കൊത്തി-
ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ്, ശീതവും പോ-
യന്തിക്കു പൂങ്കാവിലാളേറെയായി;
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ - വന്നൂ വസന്തം!

നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ-
ലോകത്തിനാനന്ദമേകുന്നതീശൻ;

ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ!
ചിന്തിച്ചിളങ്കാറ്റുതൻ നിസ്വനത്താ–
ലെന്തോന്നുരയ്ക്കുന്നു നീ? – ഞാനറിഞ്ഞു,
“എന്താതനാം ദേവനോതുന്നതേ ഞാ–
നെന്താകിലും ചെയ്യു”വെന്നല്ലയല്ലീ?

(പദ്യപാഠാവലിയിലേക്കായി 1910 ഏപ്രിൽ 22–ന് രചിച്ചത്)

## തോട്ടത്തിലെ എട്ടുകാലി

തളിർത്തലഞ്ഞു നിന്നിടും തരുക്കൾ-
തന്റെ ശാഖയിൽ
കൊളുത്തി നീണ്ട നൂലു രശ്മിപോലെ
നാലുഭാഗവും,
കുളത്തിനുള്ളു കാണുമർക്കബിംബ-
മൊത്തു കാറ്റിലി-
വെളുത്ത കണ്ണിവച്ചെഴും വിചിത്ര-
രൂപനാരിവൻ!

അടുത്തിടുന്നൊരീച്ച പാറ്റയാദി-
യായ ജീവിയെ-
പ്പിടിപ്പതിന്നു കണ്ണിവച്ചൊളിച്ചി-
രുന്നുകൊള്ളുവാൻ
പഠിച്ച കള്ളനാരു നീ പ്രഗത്ഭ-
നായ മുക്കുവ-
ക്കിടാത്തനോ? കടുത്തകാട്ടിലുള്ള
കൊച്ചുവേടനോ?

മിനുത്തു നേർത്ത നൂലിതെങ്ങുനിന്നു?
മോടികൂടുമീ-
യനർഘമാം നെയിത്തു തന്നെയഭ്യ-
സിച്ചതെങ്ങു നീ?
നിനയ്ക്ക നിന്റെ തുന്നൽ കാഴ്ചവേല-
തന്നിലെത്തിയാൽ
നിനക്കു തങ്കമുദ്ര കിട്ടുമെട്ടു-
കാലി, നിശ്ചയം!

(പദ്യപാഠാവലിയിലെ പ്രസിദ്ധീകരണത്തിനായി 1910 നവംബർ 2-നു രചിച്ചത്)